210

ടി. വി. ശ്രീധരൻ

ശ്രീകൃഷ്ണവിലാ[illegible]ലക്കു
ഭാഷാന്തരകർത്താവിന്റെ സമ്മാനം

# ഭാഷാശ്രീരാമോദന്തം.

No. 4


പുത്തിയിൽ ഭാസ്കരൻ മൂത്തതു് ബി. എ.

(ഭാഷാന്തരകൎത്താവു്.)


൨-ാം പതിപ്പ്.


"മനോമോഹനം" പ്രസ്സ്.

കൊല്ലം.

൧൦൯൧.

No. 10/A
SRI KRISHNAVILASAM READING ROOM
MALAYINKEEL

# ഭാഷാശ്രീരാമോദന്തം.

ശ്രീവത്സം മാറിലണിയും
ശ്രീവല്ലഭനു കൂപ്പി ഞാൻ,
ശ്രീരാമകഥ, വാന്മീകി-
മുനി പാടിയതോതുവേൻ.

൨ പണ്ടുണ്ടായ് വിശ്രവസ്സിന്റെ
മക്കളായ് മൂന്നു രാക്ഷസർ:
അണ്ണനാം രാവണൻ കുംഭ-
കർണ്ണൻ പിന്നെ വിഭീഷണൻ.

൩ വൻതപം ചെയ്താശ്രിതരിൽ-
ക്കൂറുള്ളൊരു വിരിഞ്ചനെ,
വരുത്തിക്കൊണ്ടു ചോദിച്ചാ-
രവർ വേണ്ട വരങ്ങളേ.

൪ "അമർത്ത്യർ കൊന്നുകൂടെ"ന്ന
വരം ചോദിച്ചു രാവണൻ;
ഉമ്പർക്കരുതി മോഹിച്ചു
കുംഭകർണ്ണനുറക്കവും.

൫ വരിച്ചു സത്വഗുണവാൻ
വിഷ്ണുഭക്തി വിഭീഷണൻ;
ഈ വരങ്ങളവൎക്കേകി
മറഞ്ഞാനങ്ങു നാന്മുഖൻ.

൬ രാവണൻ ചെന്നവിടെ നി-
ന്നമരിൽ പൂവിമാനവും,
കുബേരനൊടു തട്ടിച്ചു
സുഖിപ്പതിനു ലങ്കയും.

൭ പാതാളത്തിൽ പ്പാൎത്തിരുന്ന
രാക്ഷസന്മാരശേഷവും
അവനേ ച്ചെന്നാശ്രയിച്ചു
സുഖമായ് വാണു ലങ്കയിൽ.

൮ മയന്റെ മകളേ വേട്ടു,
മണ്ഡോദരിയെ രാവണൻ;
അവൾ പെററാം മേഘനാദ-
നെന്നു പേരാണ്ട പുത്രനേ.

൯ ഊഴി പാതാളമിവയേ-
ക്കീഴടക്കിയ രാവണൻ
വെന്നു നാടൊക്കയും കൊണ്ടു-
പോന്നു പെണ്മണിമാരെയും.

൧൦ യാഗാദികൾ മുടക്കം ചെ-
യ്താരണക്കാൎത്തി ചേൎത്തവൻ
പുത്രനും ചേൎന്നു പോരാടി-
ത്തോല്പിച്ചിതമരേന്ദ്രനേ.

൨൧ ഇന്ദ്രന്റെ കല്പവൃക്ഷങ്ങളം
ശിഷ്യരേ വിട്ടു ലങ്കയിൽ
വരുത്തി നട്ടുവിച്ചിട്ടു
സുഖിച്ചാനവനേറെനാം.

൨൨ അക്കാലമാരാവണന്റെ
ധിക്കാരങ്ങളശേഷവും
അമരന്മാർ ചേൎന്നു ചെന്നു
ബ്രഹ്മാവിനൊട്ടുണൎത്തിനാർ.

൨൩ അതു കേട്ടു പുറപ്പെട്ടു
വിണ്ണോരൊന്നിച്ചു നാന്മുഖൻ,
പാൽക്കടൽക്കരെയിൽ ചെന്നു,
പത്മനാഭനെ വാഴ്ത്തിനാൻ.

൨൪ പത്മനാഭനെഴുന്നള്ളി
നാന്മുഖൻതന്നോടീവിധം
ചോദിച്ചു:—"വാനോരൊത്തിങ്ങു
പോന്നതെന്തിനു വേണ്ടിയോ?"

൨൫ അന്നേരം രാവണൻ തന്റെ
ദുൎന്നയങ്ങളുണൎത്തിട്ടം
നാന്മുഖന്നുള്ളുകളിരെ-
ച്ചൊല്ലി മാധവനീവിധം.

൨൬ "പേടിക്കവേണ്ടപോയാലും
ദേവന്മാരൊത്തു നാന്മുഖ!
പിറന്നു ദാശരഥിയായ്-
ക്കൊൽവേൻ രാവണദുഷ്ടനെ.

൧൭ “രാവണൻെറ കൊലയ്ക്കുന്നേ-
ത്തുണപ്പാനമ്പരൊക്കവേ
മന്നിൽ കപികളായ് ദേവ-
കലയാൻ പിറക്കണം.”

൧൮ ഈവണ്ണ മരുളിച്ചെയ്തു
മറഞ്ഞാനങ്ങു മാധവൻ;
ഉൾത്താർ കുളിർത്തുമ്പരൊത്തു
മടങ്ങിപ്പോന്നു നാന്മുഖൻ.

൧൯ മർക്കടത്താൻ ബാലിയുണ്ടാ-
യമരേന്ദ്രനു പുത്രനായ്;
സുഗ്രീവൻ സൂര്യനും പിന്നെ
ഹനുമാൻ വായുദേവനും.

൨൦ പണ്ടേ തന്നേ നാന്മുഖന്നു
മകനായുണ്ടു ജാംബവാൻ;
ഈമട്ടു മററുവാനർക്കു-
മുണ്ടായൊട്ടേറെ വാനരർ.

൨൧ മർക്കടന്മാർക്കിവർക്കൊക്കെ
നാഥനായ്ത്തീർന്നു ബാലിതാൻ
അവരെല്ലാവരും ചേർന്നു
വാണു കിഷ്കിന്ധയിൽ സുഖം.

൨൨ ഉണ്ടായ് ദശരഥൻ സൂര്യ-
വംശത്തിലൊരു മന്നവൻ
രാജ്ഞിമാർ മൂവരെന്നാലു-
മില്ല സന്താനമൊന്നിലും.

൨൩ സുമന്ത്രൻചൊന്നപോലൃശ്യ-
ശൃംഗനേക്കൊണ്ടു മന്നവൻ,
പുരോഹിതനുമായ് പുത്ര-
കാമഹോമം നടത്തിനാൻ.

൨൪ കയ്യിൽ പ്പായസവും വച്ചു
തീയ്യിൽ നിന്നൊരു പൂരുഷൻ;
"രാജ്ഞിമാൎക്കിതു നൽകെ"ന്നു
ചൊല്ലി,രാജാവിനേകിനാൻ.

൨൫ അതുവാങ്ങി, മടിക്കാതെ,
രാജ്ഞിമാൎക്കേകിമന്നവൻ;
അതുസേവിക്കയാൽ ഗൎഭം
ധരിച്ചാരവർ മൂവരും.

൨൬ മാസം തികഞ്ഞു കൌസല്യ
ലോകൎക്കാനന്ദമേകുവോൻ
രാമനേപ്പെററു; കൈകേയി
പെററാൾ ഭരതനേയുമേ.

൨൭ പിന്നെ ലക്ഷ്മണ ശത്രുഘ്ന-
ന്മാരേപ്പെററാൾ സുമിത്രയും.
ജാതകൎമ്മാദി ചെയ്യിച്ചു
വിപ്രരെക്കൊണ്ടു മന്നവൻ.

൨൮ ഇണങ്ങി നാലുപൈതങ്ങ-
ളിവരൊപ്പം വളൎന്നുതേ;
എല്ലാ വിദ്യകളും നന്നെ-
സ്സാമൎത്ഥ്യമൊടു നേടിനാർ.

൨൯ അക്കാലം യാഗരക്ഷയ്ക്കു
വേണ്ടികൌശികമാമുനി
വന്നിരന്നാൻ സ്കന്ദനേപ്പോൽ
ശക്തിയുള്ളൊരുരാമനെ.

൩൦ വസിഷ്ഠൻ ചൊൽകയാൽ, രാമ-
ലക്ഷ്മണന്മാരെ മന്നവൻ
വളരെസ്സങ്കടപ്പെട്ടു
കൌശികൻവശമേകിനാൻ.

൩൧ വാങ്ങിത്തിരിച്ചീബ്ബാലന്മാ-
ൎക്കുപദേശിച്ചു കൌശികൻ
ബാലാതിബലമന്ത്രങ്ങളും
രണ്ടു,മസ്ത്രങ്ങളൊക്കയും.

൩൨ രാമൻ ലക്ഷ്മണനും ചേൎന്നു
പോകവേ, ലോകമാകവേ
മാൽചേൎത്തൊരത്താടകയേ-
ക്കൊന്നാനാമുനിചൊന്നപോൽ.

൩൩ പുക്കു സിദ്ധാശ്രമം രാമ-
ലക്ഷ്മണന്മാരുമായ് മുനി
തുടങ്ങി വിധിപോൽ യാഗ-
മട്ടത്താരങ്ങരക്കരും.

൩൪ മാരീചനേപ്പിന്നെരാമ-
നെറിഞ്ഞാഴിയിലമ്പിനാൽ
സുബാഹുമുമ്പരേക്കൊന്നു
യാഗംരക്ഷിച്ചു വേണ്ടപോൽ.

൩൫ തമ്പിയും ചേൎന്നു മുനിയേ-
പ്പിന്നെയും പിൻതുടൎന്നവൻ,
മോക്ഷമേകിയഹല്യയ്ക്കു,
പുക്കാൻ ജനകമന്ദിരം.

൩൬ രാമൻ ജനകസൽക്കാര-
മേററു, കൌശികനോതവേ,
സീതാസ്വയംബരത്തിങ്കൽ
മുറിച്ചു ശിവചാപവും.

൩൭ പിന്നെദ്ദശരഥൻ തന്നെ
വരുത്തി മിഥിലാധിപൻ
രാമാദികൾക്കേകി സീത-
മുതലാം പെൺകിടാങ്ങളേ.

൩൮ ഗുരുകല്പനപോൽ വേട്ടു
തമ്പിമാരൊത്തു രാഘവൻ;
സമ്മാനിച്ചവരേ നന്നായ്
ജ്ജനകൻ യാത്രയാക്കിനാൻ.

൩൯ ശിവൻെറ വിൽ മുറിച്ചെന്നു
കേട്ടു കോപിച്ചെതൃത്തിടും
ഭാൎഗ്ഗവൻതന്നെ വെന്നിട്ടു
രാമൻ പുക്കാനയോദ്ധ്യയിൽ.

൪൦ അവിടെസ്സീതയുംചേൎന്നു
സുഖമായ് പ്പാൎത്ത രാഘവൻ,
സൽപ്രവൃത്തികളാലേററ-
മാനന്ദം ചേൎത്തു ലോകരിൽ.

൪൧ അക്കാലം ഭരതൻ പുക്ക
ശത്രുഘ്നനൊട്ടു കൂടവേ
ഉത്സാഹമായ് മാതുലനാം
യുധാജിത്തിന്റെ മന്ദിരം.

൪൨ നാട്ടാരൊത്തു നിരൂപിച്ചു
മന്നവൻ പിന്നെ രാമനേ
പട്ടംകെട്ടിക്കുവാനേററം
കൌതുകം പൂണ്ടൊരുങ്ങിനാൻ

൪൩ പണ്ടു രണ്ടുവരം ഭൂപൻ
നൽകാമെന്നേററ സത്യവാൻ
കേട്ടാളതുകൾ കൈകേയി,
ദുഷ്ടമന്ഥര ചൊൽകയാൽ.

൪൪ "രാമൻ കാട്ടിന്നു പോകേണം"
"ഭരതൻ നാടു വാഴണം"
എന്നീവരങ്ങൾ രണ്ടെണ്ണം
വിഷമിച്ചേകി മന്നവൻ.

൪൫ കൈകേയി രാമനേക്കാട്ടി-
ന്നയച്ചാളുടനാകയാൽ,
അവൻ ഗുരുക്കന്മാരോടു
വിടവാങ്ങി യിറങ്ങിനാൻ.

൪൬ കാട്ടിലേക്കു പുറപ്പെട്ട
രാമൻപിന്നാലെ സീതയും
തിരിച്ചു ലക്ഷ്മണൻ താനും
വീടുപേക്ഷിച്ചു പൌരരും.

൪൭ ഉറങ്ങുംപൌരരേ രാമ-
നറിയിക്കാതെ രാത്രിയിൽ,
സുമന്ത്രൻതാൻ തെളിച്ചോരു
തേരിൽക്കയറി യാത്രയായ്.

൪൮ ഗംഗാനദിക്കരയ്ക്കുള്ള
ശൃംഗിവേരമണഞ്ഞവൻ
സൽക്കാരം ഗുഹനോടേററി-
ട്ടവിടെപ്പാർത്തു രാത്രിയിൽ.

൪൯ സുമന്ത്രനേ യാത്രയാക്കി-
സ്സീതാലക്ഷ്മണരൊത്തവൻ.
ഗംഗാനദി, ഗുഹൻവിട്ട
തോണിയേറി, ക്കടന്നതെ.

൫൦ പിന്നീടവൻ ഭരദ്വാജ-
മുനിയേച്ചെന്നു കൂപ്പിനാൻ;
സുഖമായ് ച്ചിത്രകൂടത്തിൽ
വാണാനാമുനി ചൊന്നപോൽ.

൫൧ അയോദ്ധ്യയിൽത്തിരിച്ചെത്തി,
മാൽപൂണ്ടൊരു സുമന്ത്രനും,
രാമൻെറ വർത്തമാനങ്ങൾ
രാജാവിനൊടുണർത്തിനാൻ.

൫൨ സുമന്ത്രൻ ചൊന്ന കഥകൾ
കേട്ടുഴൽപ്പെട്ടു രാമനേ,
വിളിച്ചു,ലച്ചു, മോഹിച്ചു
മന്നവൻ നാടുനീങ്ങിനാൻ.

൩൧ വസിഷ്ഠൻ ചൊന്നപോൽ സൂക്ഷി-
ച്ചിരുന്നുടൽ മന്ത്രിമാർ
വരുത്തിനാർ ഭരതനേ
മാതൃഗേഹത്തിൽനിന്നുടൻ.

൩൨ ചൊന്നാൾ ഭരതനോടച്ഛൻ
മരിച്ചകഥ കൈകയി;
ശത്രുഘ്നനൊത്തവൻ ചെയ്തു
ശേഷക്രിയകൾ വേണ്ടപോൽ.

൩൩ മന്ത്രിമാർ ചൊൽകിലും രാജ്യ-
ഭാരമേൾക്കാതെ, രാമനേ
തേടിപ്പൌരരുമൊന്നിച്ചു
ഭരതൻ കാടുപൂകിനാൻ.

൩൪ ഋഷിമട്ടിൽ ച്ചിത്രകൂട-
മമരും രാമനോടവൻ
ഇരന്നിതു, വസിഷ്ഠാദി
വിപ്രരും, നാടുവാഴുവാൻ.

൩൫ "ഈരേഴാണ്ടു കഴിഞ്ഞെത്താം
നാട്ടിലെ"ന്നുരചെയ്തുടൻ
തിരിച്ചയച്ചാൻ പാദുകയും
കൊടുത്തവനെ രാഘവൻ.

൩൬ അതുവാങ്ങിച്ചുല്പൽപൂണ്ടു
നന്ദിഗ്രാമമണഞ്ഞവൻ
അതിനേ വച്ചു പൂജിച്ചു
രാജ്യഭാരം നടത്തിനാൻ.

൬൯ രാമനാമലവിട്ടത്രി-
മുനിയെച്ചെന്നു കൂപ്പിനാൻ;
സീതയ്ക്കു കെട്ടിനാൾ, സ്വന്ത
ഭൂഷണം, മുനിപത്നിയും.

൭൦ അത്രിതന്നാശ്രമത്തിങ്കൽ
വാണു രാവൊന്നു രാഘവൻ.
പൂകിനാൻ ദണ്ഡകം പിന്നെ-
സ്സീതാലക്ഷ്മണരൊത്തവൻ.

൭൧ ഭാര്യാനുജന്മാരൊന്നിച്ചു
കാടുപൂകിന രാഘവൻ,
കൊന്നാൻ, വിധിവശാൽ വന്നു
പിടിച്ചോരുവിരാധനേ.

൭൨ ആശ്രമത്തിലവൻകണ്ടു
വാനേറും ശരഭംഗനേ;
അരക്കർകൊലകയ്യേററു
മുനിമാർവന്നിരക്കയാൽ.

൭൩ പിന്നെസ്സുതീക്ഷ്ണനെച്ചെന്നു
കൂപ്പിസ്സൽക്കാരമേററവൻ;
അഗസ്ത്യാശ്രമമുൾപ്പുക്കാ-
മുനിയേക്കൈവണങ്ങിനാൻ.

൭൪ വിഷ്ണുവിൻവില്ലുമിന്ദ്രൻെറ-
യാവനാഴികൾരണ്ടുമേ,
നാൻമുഖൻതൻവാളുമമ്പും,
രാമനാമുനിയേകിനാൻ.

൫൬ പിന്നെജ്ജടായുവേക്കണ്ടു,
പിതാവിനുടെബന്ധുവേ,
ശ്രീരാമൻ ഭരമേല്പിച്ചു
സീതയേക്കാത്തുകൊള്ളുവാൻ.

൫൭ പിന്നീട്ടു പഞ്ചവടിയിൽ-
ച്ചെന്നിട്ടു,വിടെലക്ഷ്മണൻ
തീൎത്ത പൎണ്ണഗൃഹംതന്നിൽ,
വാണു സീതയുമൊത്തവൻ.

൫൮ ശ്രീരാമലക്ഷ്മണന്മാരി-
ലൊരാളേ വരനാക്കുവാൻ
അടുത്ത ശൂൎപ്പണഖയേ
വെടിഞ്ഞാരവരൊന്നുപോൽ.

൫൯ വീണ്ടും കോമളനാം രാമൻ,
മനംവെന്തവളെത്തവേ,
വെടിഞ്ഞാൻ; അവൾകോപിച്ചു
സീതതൻനേൎക്കു ചാടിനാൾ.

൬൦ കോപിച്ചു ലക്ഷ്മണനുടൻ
കാതും മൂക്കുമറുക്കയാൽ
ജനസ്ഥാനം പുക്കണത്തി
ഖരനോടവളക്കഥ

൬൧ അതുകേട്ടരിശംപൂണ്ട
ഖരൻദൂഷണനാദിയാം
അരക്കരോടൊത്തിറങ്ങി ൧
രാമനേക്കൊല ചെയ്യുവാൻ.

൧൫ സീതയ്ക്കു കാവലായ് വച്ചു
ലക്ഷ്മണൻതന്നെ, വിക്രമൻ,
രാമൻ ഖരനെയും കൂട്ട-
കാരെയും കൊന്നൊടുക്കിനാൻ.

൧൬ പിന്നീടു ശൂർപ്പണഖയും
ലങ്കയിൽച്ചെന്നു ഖിന്നയായ്,
ഉണ്ടായകഥ യെപ്പേരും
രാവണൻതന്നോടോതിനാൾ.

൧൭ അതുകേട്ടുടനേ സീതാ-
ഹരണത്തിനുറച്ചവൻ
മാരീചനൊടപേക്ഷിച്ചാ-
നതിലേക്കു തുണയ്ക്കുവാൻ.

൧൮ പൊന്മാൻവടിവിൽ മാരീചൻ
നടന്നാൻ സീതകാണ്കവേ;
"അതിനേക്കൊണ്ടുതരികെ-"
ന്നിരന്നാൾ രാമനോടവൾ.

൧൯ തമ്പിയേബ്ഭരമേല്പ്പിച്ചു
സീതയെക്കാത്തുകൊള്ളുവാൻ,
ഓടുംമാനിന്റെ പിന്നാലെ,
രാഘവൻ കാടുപൂകിനാൻ.

൨൰ രാമാസ്ത്രമേററു മാരീചൻ
പൊന്മാൻവടിവു വിട്ടുടൻ
"ഹാസീതേ, ലക്ഷ്മണാ"യെന്നു
വിളിച്ചുയിർ വെടിഞ്ഞുതേ.

൧൭ സീതയാവിളികേട്ടേറെ
നിർബ്ബന്ധിച്ചിട്ടു ലക്ഷ്മണൻ
"ഇവൾക്കു ദൈവംതുണ"യെ-
ന്നണ്ണന്നരികിലെത്തിനാൻ.

൧൮ അത്തവ്വിലൊരു സന്ന്യാസി-
വടിവാൎന്നെത്തി രാവണൻ,
പ്രീതനായ്സ്സീതയേ വാനം-
വഴിയേ കൊണ്ടു മണ്ടിനാൻ.

൧൯ സീതയേ രാവണൻ കൊണ്ടു-
പോകുന്നതു ജടായുവും
കണ്ടിട്ടോടിയടുത്തേററ-
മവനോടടി കൂടിനാൻ.

൨൦ ചന്ദ്രഹാസംകൊണ്ടറുത്തു
താഴെവീഴ്ത്തി ജടായുവേ,
രാവണൻ സീതയേ കയ്യി-
ലേന്തി ലങ്കയിലെത്തിനാൻ.

൨൧ അശോകവനമദ്ധ്യത്തി-
ലിരുത്തീടിന സീതയേ
സൂക്ഷിപ്പാൻ, രാക്ഷസികളു
നിയമിച്ചിതു രാവണൻ.

൨൨ മാരീചനെക്കൊന്നു രാമൻ
വരുമ്പോൾ, തമ്പിചൊല്ലിടും
വൎത്തമാനം കേട്ടു, കേണു
പൎണ്ണശാലയിലെത്തിനാൻ.

൮൩ കാണാഞ്ഞു സീതയേക്കാട്ടു-
മുഴവൻ തമ്പിയൊത്തവൻ,
ആരാഞ്ഞുവരവേ, പാത്താൻ
ചിറകററ ജടായുവേ.

൮൪ സീതതൻകഥ ചൊല്ലീട്ടു,
മരിച്ചൊരു ജടായുവേ
ദഹിപ്പിച്ചവരൊന്നിച്ചു
ശേഷക്രിയ നടത്തിനാർ.

൮൫ വഴിയിൽപ്പിന്നിൽനിന്നിട്ടു
കൊല്ലുവാനാഞ്ഞടുക്കയാൽ
കാതും മൂക്കും ചെത്തിവിട്ടാ-
നയോമുഖിയെ ലക്ഷ്മണൻ.

൮൬ കബന്ധൻ പിടികൂടുമ്പോ-
ളറുത്താരവർ കൈകളേ
അപേക്ഷപോൽദ്ദഹിപ്പിച്ചി-
തവൻെറ മൃതദേഹവും.

൮൭ വാനാണ്ടിടുമവൻ ദിവ്യ-
നോതി രാമനൊടിങ്ങനെ:-
"സുഗ്രീവൻസീതയേത്തേടു-
മൃശ്യമൂകം ഗമിക്കനീ"

൮൮ പിന്നെശ്ശബരിയേച്ചെന്നു
കണ്ടു സൽക്കാരമേററവൻ,
മനംതെളിഞ്ഞനുജനും
ചേൎന്നു, പമ്പയിലെത്തിനാൻ.

൪൯ ഹനുമാൻ വന്നു, സുഗ്രീവ-
നയച്ചിട്ടു,വരോട്ടുടൻ
വൎത്തമാനം ഗ്രഹിച്ചപ്പോ-
ളവനേചേൎത്തിണക്കിനാൻ.

൫൦ ഹനുമാൻ രാമവൃത്താന്തം
സുഗ്രീവനൊടുണൎത്തവേ,
അഗ്നിസാക്ഷികമായ് സഖ്യ-
മവർചെയ്തു പരസ്പരം

൫൧ ഉടനേ ബാലിയേക്കൊല്ലാ-
മെന്നു കയ്യേററു രാഘവൻ;
സുഗ്രീവനേററാൻ കാണിച്ചു-
കൊടുക്കാമെന്നു,സീതയേ.

൫൨ സുഗ്രീവൻ ബാലിയോടുള്ള
വിരോധത്തിൻനിമിത്തവും,
രാമനോടോതി,ബാലിക്കു
ബലം കൂടുതലുള്ളതും.

൫൩ അവൻതാനുടനേ കാണി-
ച്ചൊരു ദുന്ദുഭിതന്നുടൽ,
എറിഞ്ഞു കാൽപ്പെരുവിരൽ-
കൊണ്ടു ദൂരത്തു രാഘവൻ.

൫൪ സാലങ്ങളേഴവൻ പിന്നെ-
ക്കാണിച്ചതിനെ രാഘവൻ,
അവന്റെ ശങ്കയോടൊപ്പ-
മറുത്താനൊററയമ്പിനാൽ.

൯൫ സുഗ്രീവൻ രാമനുംചേൎന്നു
പിന്നെക്കിഷ്ക്കിന്ധ പുക്കുടൻ,
ഉത്സാഹപൂൎവ്വം പോരിന്നു
വിളിച്ചാനങ്ങു ബാലിയേ.

൯൬ ബാലിയോടേററു സുഗ്രീവൻ
പോരിൽത്തീരെമെട്ടുകയാൽ
ഉടലാകെ മുറിപ്പെട്ടു
രാമന്നരികിലെത്തിനാൻ.

൯൭ മറഞ്ഞുനില്ക്കും ശ്രീരാമ-
നേകിയോരടയാളവും
ധരിച്ചു വീണ്ടും സുഗ്രീവൻ
ബാലിയോടേററു പോരിനായ്.

൯൮ ബാലി പൊന്മാലയുംചാൎത്തി-
ത്താരചൊല്ലിന വാക്കുകൾ
വകവയ്ക്കാതെ, കോപിച്ചു
പോൎചെയ്താനതിഘോരമായ്.

൯൯ രാമൻെറയൊളിയമ്പേററു
താഴെ വീണൊരു ബാലിതാൻ
രാമൻതാനെന്നറിഞ്ഞപ്പൊ-
ളുടൽവിട്ടേറിവിണ്ടലം.

൧൦൦ കേഴും സുഗ്രീവനെപ്പിന്നീ-
ടാശ്വസിപ്പിച്ചു രാഘവൻ
വാനരന്മാൎക്കരചനായ്
വച്ചാനാശ്രിതവത്സലൻ.

൧൦൧ പിന്നെ ലക്ഷ്മണനൊന്നിച്ച
സീതവേർപെട്ടമാലൊടും
നാലുമാസം വാണു രാമൻ
മാല്യവാനുടെ മുട്ടിലായ്.

൧൦൨ രാമൻ ലക്ഷ്മണനേ വിട്ടു
സുഗ്രീവനെ വരുത്തിനാൻ,
ഹനുമാൻമുമ്പരാം മററു-
മക്കടന്മാരെ യൊക്കയും.

൧൦൩ രാമന്റെ കല്പനയ്ക്കൊത്ത
സുഗ്രീവൻ വന്നു സീതയേ,
തേടുവാൻ വാനരന്മാരെ-
യയച്ചാൻ നാലുദിക്കിലും.

൧൦൪ സീതയ്ക്കുലക്ഷ്യംകാണിപ്പാ-
നന്നേരം രാമനേകിടും
തിരുവാഴിയെ വാങ്ങിച്ച
വിടകൊണ്ടിതു മാരുതി.

൧൦൫ സീതയേത്തേടുവാൻ തെക്കേ-
ദ്ദിക്കിലേക്കു തിരിച്ചിട്ടും
ഹനുമാൻമുതൽപേരങ്ങു
വിന്ധ്യമാമല പൂകിനാർ.

൧൦ സമയം തെററിയെന്നോർത്തു
ചാകാനവർ തുടങ്ങവേ,
സമ്പാതിയവരോടോതി
സീതതൻകഥ യാകവേ.

൧൦൭ അംഗദൻ മുതൽപേർ പിന്നെ-
കടൽക്കരയിലെത്തവേ,
അക്കരെ ച്ചെല്ലുവാനേതും
വഴികാണാതെ മാഴ്കിനാർ.

൧൦൮ ജാംബവാൻ ഹനുമാൻതന്റെ
പ്രഭാവം വിസ്തരിക്കയാൽ,
അവനുത്സാഹവും പൂണ്ടു
മഹേന്ദ്രഗിരി യേറിനാൻ.

൧൦൯ പിന്നെമാരുതി, കുമ്പിട്ടു
ദേവന്മാരെയശേഷവും,
കുതിച്ചിതമ്മലയിൽനി-
ന്നാഴി ചാടിക്കടക്കുവാൻ.

൧൧൦ മൈനാകപർവ്വതം താണ്ടി,
നാഗസ്ത്രീയെ നമിച്ചവൻ,
കൊന്നു സിംഹികയെ ത്തഞ്ച-
മോടു മക്കരെയെത്തിനാൻ.

൧൧൧ ലങ്കാലക്ഷ്മിയെയും വെന്നു
ലങ്കപൂകിന മാരുതി,
സീതയേത്തേടിനാൻ രാവിൽ,
രാവണൻതാ നുറങ്ങവേ.

൧൧൨ അവിടെ സ്സീതയേ ക്കാണാ-
ഞ്ഞേറെനേരം തിരഞ്ഞവൻ
അശോകവിപിനം പൂക്കു
കണ്ടാൻ മാൽപൂണ്ടമങ്കയെ.

൧൧൩ മരത്തിലൊന്നിൽ ക്കയറി-
ട്ടിലച്ചലിനിടയ്ക്കവൻ,
അതുതാൻ സീതയെന്നോൎത്തു,
മറഞ്ഞവിടെ മേവിനാൻ.

൧൧൪ രാവണൻ കൊതിപൂണ്ടെത്തി-
സ്സീതയോടപ്പോളോതിനാൻ:—
"നീയെൻെറ ഭാൎയ്യയാകേണ"-
മെന്നുംമററും പലേതരം.

൧൧൫ "ഞാൻ നിനക്കു വശത്താക-
യില്ലെ"ന്നവൾ മറുക്കയാൽ
ആഗ്രഹം ലഭിയാതുള്ളം
വെന്തവൻ പിന്തിരിഞ്ഞുതേ.

൧൧൬ രാവണൻ പോകവേ,കണ്ടു
കേഴും സീതയെ മാരുതി;
ഇറങ്ങി,രാമവൃത്താന്ത-
മോതി,മോതിരമേകിനാൻ.

൧൧൭ അതു വാങ്ങിച്ചു വളരെ
വീണ്ടും കേഴുന്ന ജാനകി
ചൂഡാമണിയെ നൾകുമ്പോൾ
കൈക്കൊണ്ടാനതു മാരുതി.

൧൧൮ "രാമൻ രാവണനേപ്പോരിൽ-
ക്കൊന്നു രക്ഷിക്കമോൎയ്യയേ;
മാഴ്കേണ്ട"യെന്നാശ്വസിപ്പി-
ച്ചവനും വിടവാങ്ങിനാൻ,

൧൧൯ നയജ്ഞനവനാലോചി-
ച്ചുദ്യാനത്തെത്തകൎത്തുടൻ,
കൊന്നാനനേകരേപ്പോരി-
ലക്ഷൻമുമ്പാമരക്കരേ.

൧൨൦ പിടിച്ചുകെട്ടിനാൻ പോരി-
ലവനേ മേഘനാദനും;
ചൊല്ലി രാമന്റെ മാഹാത്മ്യ-
മെല്ലാം രാവണനോടവൻ.

൧൨൧ അരക്കർ വാലിൽ തീവെച്ചു-
നേരം മാരുതി ലങ്കയേ
ചുട്ടാഴി തിരിയെച്ചാടി,-
ക്കൂട്ടുകാരൊടു കൂടിനാൻ.

൧൨൨ അവരൊന്നിച്ചു പോയ് പിന്നെ
ഹനുമാൻ കണ്ടു രാമനേ;
താൻ ചെയ്തതഖിലം ചൊല്ലി-
ച്ചൂഡാമണിയെ നല്കിനാൻ.

൧൨൩ സുഗ്രീവൻ മുതലായേറെ
വാനരന്മാരുമായുടൻ,
രാമൻ തിരിച്ചു കടലിൻ
കരയിൽ ച്ചെന്നുചേൎന്നതേ.

൧൨൪ അണ്ണെനോട്ടിച്ചു വന്നോരു
വിഭീഷണനെ രാമനും
ലങ്കാധിരാജനായ് പട്ടം
കെട്ടിച്ചാൻ ശത്രുനാശനൻ.

൧൨൫ വരുണൻ കടലിൽക്കൂടി-
ക്കൊടുത്ത വഴിയേ നളൻ
ചിറ തീൎത്താ നതുവഴി,
സുബേലാ പുക്ക രാഘവൻ.

൧൨൬ രാമന്റെ കല്പനയ്ക്കൊത്തു
നീലൻ മുമ്പായ വാനരർ,
കല്ലും മരങ്ങളും കയ്ക്കൊ-
ണ്ടാക്രമിച്ചിതു ലങ്കയേ.

൧൨൭ പ്രഹസ്തൻ മുതലായ്, രക്ഷോ-
വരൻ വിട്ടോരരക്കരേ,
ശൂരന്മാരിവർ പോരാടി-
ക്കൊന്നിട്ടാൎത്തു വിളിച്ചുതേ.

൧൨൮ സുഗ്രീവനും ഹനുമാനും
തമ്പിയോടൊത്ത രാമനും
കൊന്നാർ യുദ്ധത്തിലൊട്ടേറെ
വീരന്മാരാമരക്കരേ.

൧൨൯ അന്നേരമിന്ദ്രജിത്തെത്തി
നാഗാസ്ത്രംകൊണ്ടു കെട്ടിനാൻ
ആരാമലക്ഷ്മണന്മാരേ;
ഗ്ഗരുഡൻ വന്നഴിച്ചുതേ.

൧൩൦ പിന്നീടു രാവണൻ വന്നു,
രാമനോടേറ്റു തോറ്റുപോയ്,
ഉണൎത്തി, രാമന്റെ നേരെ കൊൽവാ-
നയച്ചാൻ, കുംഭകൎണ്ണനേ.

൧൩൧ മക്കടന്മാരെ മുഴവൻ
വിഴുങ്ങുവതിനാഞ്ഞിടും
കുംഭകൎണ്ണനെയും കൂട്ട-
കാരെയും കൊന്നു രാഘവൻ.

൧൩൨ ബ്രഹ്മാസ്ത്രംകൊണ്ടിന്ദ്രജിത്തു
വീണ്ടുംപോർ ചെയ്തു രാമനേ
മയക്കിനാൻതമ്പിയെയും
മക്കടങ്ങളെയൊക്കയും.

൧൩൩ ഉടനേപോയ്ക്കൊണ്ടു വന്നു
മരുന്നുമല മാരുതി,
മയക്കം തീൎത്തവൎക്കെല്ലാം
യഥാസ്ഥാനമതാക്കിനാൻ.

൧൩൪ വിഭീഷണനുമായ്പ്പുക്ക
നികുംഭിലയെ ലക്ഷ്മണൻ
ഹോമം മുടക്കിപ്പോരാടി-
ക്കൊന്നാനങ്ങിന്ദ്രജിത്തിനെ.

൧൩൫ അതുകേട്ടരിശം പൂണ്ടു
രാവണൻ ശരമാരിയാൽ
മാലേകി മക്കടന്മാൎക്കു
രാമനോടേററു പോരിനായ്.

൧൩൬ കൊടുതാമടർ ചെയ്തേറെ-
നേരം, ബ്രഹ്മവരത്തിനാൽ
മികച്ച വൈരിയെ കൊന്നാൻ,
ബ്രഹ്മാസ്ത്രംകൊണ്ടു, രാഘവൻ.

൱൯൰൭ രാവണനെൻറ വധംകൊണ്ടു
മോദിച്ചിന്ദ്രാദി വാനവർ
രാമനെൻറ മുടിയിൽ പുഷ്പ-
വൎഷമപ്പോൾ പ്പൊഴിച്ചുതേ.

൱൯൰൮ വിഭീഷണനെ വാഴിച്ചു
രാമൻ രാക്ഷസരാജനായ്
കയ്യേറ്റുണ്ടു പിന്നെച്ചെന്തീയിൽ
ശുദ്ധയായ്ക്കണ്ടു സീതയേ.

൱൯൰൯ അണ്ടർകോൻതൻ വരം കൊണ്ടു
മൎക്കടൎക്കിരിട്ടവൻ,
സമ്പത്സമൃദ്ധിയവിടെ
കണ്ടു, സന്തോഷമാൎന്നതേ.

൨൱ പിന്നെപ്പുഷ്പവിമാനത്തിൽ
സീതാനുജവിഭീഷണർ
മൎക്കടന്മാരിവരുമായ്
പുറപ്പെട്ടിതു രാഘവൻ.

൨൱൧ മുമ്പേ മാരുതിയേ വിട്ടു
രാമൻ ഭരതവാഞ്ഛിതം
അറിഞ്ഞയോദ്ധ്യാമാൎഗ്ഗത്തിൽ
നന്ദിഗ്രാമത്തിറങ്ങിനാൻ.

൨൱൨ രാമനും സോദരന്മാരും
മുനിവേഷ മഴിച്ചുടൻ,
സന്തോഷമേന്തും ബന്ധുക്കൾ
ചേൎന്നണഞ്ഞാരയോദ്ധ്യയിൽ.

൧൪൩ വസിഷ്ഠൻമുതലാം വിപ്രർ,
മന്ത്രിസാമന്തർ ചൂഴവേ,
മുറയ്ക്കു സീതാരാമന്മാ-
ൎക്കഭിഷേകം നടത്തിനാർ.

൧൪൪ ആഹ്ലാദിപ്പിച്ചു ലോകത്തെ
മുഴുവൻ മുഴുതിങ്കൾ പോൽ,
ഏറനാൾ സീതയും ചേൎന്നു
വാണാൻ രാമനയോദ്ധ്യയിൽ.

൧൪൫ മന്നവൻ, രാവണൻതൊട്ട
ഭാൎയ്യയെ സ്വീകരിച്ചതായ്,
മൂഢന്മാർ ചൊൽകയാൽ, രാമൻ
വെടിഞ്ഞാനന്നു സീതയേ.

൧൪൬ പിന്നെ വാന്മീകിയിതുകേ—
ട്ടെത്തിഗ്ഗൎഭിണി സീതയേ
ആശ്വസിപ്പിച്ചാശ്രമത്തിൽ
കൊണ്ടു പാൎപ്പിച്ചു സൌഖ്യമായ്.

൧൪൭ ലവണാസുരനേ രാമൻ,
മുനിമാർ വന്നിരക്കയാൽ,
ശത്രുഘ്നനേക്കൊണ്ടു കൊല്ലി-
ച്ചവൎക്കാടലകററിനാൻ.

൧൪൮ സ്വൎണ്ണത്താൽ ബ് ഭാൎയ്യയേ വാൎത്തു
യാഗം ചെയ്യുന്ന രാമനു,
സീതയേ പുത്രരോടൊത്തു
വാന്മീകി മുനി നല്കിനാൻ.

൱൪൯ തന്നേക്കുറിച്ചു രാമന്നു
വീണ്ടും ശങ്ക ജനിക്കയാൽ
ഇരന്നപോ ലൂഴി നടുക്കും
വഴിയേ പോയി ജാനകി.

൱൫൦ പൌരരും മൎക്കടന്മാരും
ശ്രീരാമനരുൾ ചെയ്തപോൽ
സരയൂനദിയിൽ ച്ചാടി
മരിച്ചു ഗതി നേടിനാർ.

൱൫൧ ശത്രുഘ്നനും ഭരതനും
കയ്ക്കൊണ്ടാർ സ്വന്തവിഗ്രഹം
മനുഷ്യാകൃതി കൈവിട്ടു
സ്വതേജസ്സാൎന്നു രാമനും.

൱൫൨ ശ്രീരാമകഥ ചൊന്നേൻ ഞാൻ,
ഭോഷൻ,ഭാഷയിലിങ്ങനെ;
സത്തുക്കളാം ബുദ്ധിമാന്മാ-
രിതിൻ കുറവു തീൎക്കണം.

൱൫൩ പിറന്നു രാമനായ്, പ്പോരിൽ
കൊന്നു, രാവണദുഷ്ടനെ,
ലോകം പാലിച്ച വൈകുണ്ഠ-
നെനിക്കു തുണ ചിന്മയൻ.

സമാപ്തം.

Indic Digital Archive Foundation
gpura.org